പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.106** 10/08/2017-ൽ മറുപടിക്ക്

## വിദ്യാഭ്യാസ ചട്ടങ്ങളിൽ കാലാനുസൃത പരിഷ്കരണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ടി.എ. അഹമ്മദ് കബീർ<br>ശ്രീ. ടി.വി.ഇബ്രാഹിം<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. അബ്ദുൽ ഹമീദ്. പി: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) സംസ്ഥാന വിദ്യാഭ്യാസ ചട്ടങ്ങളിൽ കാലാനുസൃത പരിഷ്കരണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദീകരിക്കാമോ; | (എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതികൾക്കുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3-12-2016 ലെ ജി.ഒ (പി) നമ്പർ 199/2016/പൊവിവ പ്രകാരം അദ്ധ്യാപക നിയമനങ്ങളിൽ സംരക്ഷിതാദ്ധ്യാപകരെ കൂടി ഉൾപ്പെടുത്തുന്നതിനായി കേരള വിദ്യാഭ്യാസ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ചട്ടങ്ങളിൽ നിലനിൽക്കുന്ന വ്യവസ്ഥകളിൽ ചിലതെങ്കിലും അവ്യക്തവും കാലാനുസൃത-വുമല്ലാത്തതിനാൽ നിരവധി കോടതി വ്യവഹാരങ്ങൾക്കിടയാക്കുന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ; | (ബി) കോടതി വ്യവഹാരങ്ങൾക്ക് ഹേതുവാകുന്ന കെ.ഇ.ആർ വ്യവസ്ഥകൾ പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) എങ്കിൽ സമഗ്ര പരിഷ്കരണ നടപടികൾക്ക് തുടക്കം കുറിക്കുമോ എന്ന് വ്യക്തമാക്കാമോ?. | (സി) സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നേടുന്നതിനുള്ള കുട്ടികളുടെ അവകാശ നിയമം 2009 കേരളത്തിൽ നടപ്പാക്കിയ സാഹചര്യത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ സമഗ്രമായ പരിഷ്കരണം ആവശ്യമാണ്. ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ